നം.കെ.എസ്.എ.പി.റ്റി.എ.പി 11/ 895 /2017 തീയതി: 27 .7.2017

പത്തനംതിട്ട ജില്ലയിലെ മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

| | |
|---|---|
| *ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും* | ശ്രീ. ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 21-11-2016 മുതൽ 31.03.2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| *ഓഡിറ്റിന് വിനിയോഗിച്ച സമയം* | *ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം* |
|---|---|
| 10.7.2017 മുതൽ 17.7.2017 വരെ | ശ്രീ പ്രദീപ് കുമാർ.എൻ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഷൈജു വൈ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ഹരികുമാർ.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

| | |
|---|---|
| ശ്രീ. എൻ. ഗോപാലകൃഷ്ണക്കുറുപ്പ് | 1.4.2016 മുതൽ 31.3.2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി. എം ആർ രാജശ്രീ | 1.4.2016 മുതൽ 28.7.2016 വരെ |
| ശ്രീമതി. ബിജി. ജി.എസ്. (അസി. സെക്രട്ടറി- സെക്രട്ടറിയുടെ അധിക ചുമതല)<br>ശ്രീമതി. ഷൈലജ. പി.എം. സെക്രട്ടറി | 29.7.2016 മുതൽ 20.12.2016 വരെ<br>21.12.2016 മുതൽ 31.3.2017 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ബാലൻസ് ഷീറ്റ്- 2016-17
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2016-17
3. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2016-17
4. ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഉള്ളടക്കം


| *ക്രമ നം.* | *വിഷയം* | *ഖണ്ഡിക നം.* |
|---|---|---|
| | ഭാഗം-1 | |
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ദുരിതാശ്വാസ നിധി | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം-2 | |
| 12 | സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി ഈടാക്കുന്നില്ല | 2-1 |
| 13 | ഷോപ്പിംഗ് കോംപ്ലക്സിലെ ഏറ്റവും വരുമാനമുള്ള കടമുറി ലേലം ചെയ്ത് നൽകിയില്ല | 2-2 |
| | ഭാഗം-3 | |
| 14 | ആസ്തികൾ സംരക്ഷിക്കുന്നതിനും ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനും നടപടിയില്ല | 3-1 |
| 15 | ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമായ തുക പൂർണ്ണമായി ചെലവഴിക്കുന്നില്ല | 3-2 |
| 16 | സ്ട്രീറ്റ് ലൈറ്റുകളുടെ കറന്റ് ചാർജ്ജ് - അധിക തുക അടവാക്കി | 3-3 |
| 17 | പരമാവധി പ്രവർത്തികൾ ഇ-ടെൻഡർ ചെയ്യുന്നതിന് നടപടിയില്ല | 3-4 |
| 18 | തെരുവ് വിളക്കുകളുടെ മീറ്ററിംഗ്- തുക ഡെപ്പോസിറ്റ് ചെയ്തുവെങ്കിലും പ്രവൃത്തി നടപ്പിലായില്ല | 3-5 |
| 19 | വനിതാ ഐ.റ്റി.ഐ ക്ക് സ്ഥലം ലഭ്യമാക്കുന്നതിന് നടപടിയില്ല | 3-6 |
| 20 | ആശ്രയ രണ്ടാംഘട്ട പദ്ധതി - തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കാൻ എടുത്തത് 4 വർഷം ! | 3-7 |
| 21 | പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ - ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകിയില്ല | 3-8 |
| 22 | അങ്കണവാടി പോഷകാഹാര പരിപാടിക്ക് പട്ടികജാതി ഫണ്ട് വകയിരുത്തിയപ്പോൾ സർക്കാർ നിർദ്ദേശം പാലിച്ചില്ല | 3-9 |
| 23 | കാർഷിക മേഖലയിലെ പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കിയില്ല | 3-10 |
| 24 | പൂരക പോഷകാഹാരം-കേന്ദ്ര വിഹിതം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നില്ല | 3-11 |
| 25 | സ്ഥാപിതശേഷിയിലധികം കോഴിക്കുഞ്ഞുങ്ങളെ ഫാം ഗ്രാമപഞ്ചായത്തിന് നൽകി | 3-12 |
| 26 | തുടർ സാക്ഷരതാ-ഓണറേറിയം ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക ക്രമീകരിക്കണം | 3-13 |
| 27 | പൊതുമരാമത്ത് പ്രവൃത്തികളുടെ സേവന നികുതി ഈടാക്കിയത് - കേന്ദ്ര സർക്കാരിലേക്ക് ഒടുക്കിയില്ല. | 3-14 |
| 28 | തൊഴിലുറപ്പ് പദ്ധതി മുഖേന സാമൂഹ്യ | 3-15 |

| | | |
|---|---|---|
| | വനവൽക്കരണം- മഴയുള്ള മാസങ്ങളിൽ പ്രവൃത്തി ചെയ്യുന്നില്ല. | |
| | ഭാഗം-4 | |
| 29 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 30 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-2 |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-3 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-4 |
| 33 | ഓഡിറ്റ് റിക്കവറി | 4-5 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-6 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |


# ഭാഗം 1

## പൊതു അവലോകനം

## (1-1) ബഡ്ജറ്റ്

2016-17 വർഷത്തെ ബഡ്ജറ്റ് 3.3.2016-ലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| *ഇനം* | *പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം)* | *യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം)* | *വ്യത്യാസം* | |
|---|---|---|---|---|
| | | | *കൂടുതൽ* | *കുറവ്* |
| മുന്നിരിപ്പ് | 1275469 | 6804225 | 5528756 | |
| വരവ് | 70077427 | 35462900 | | 34614527 |
| ആകെ | 71352896 | 42267125 | | 29085771 |
| ചെലവ് | 67431021 | 32787767 | | 34643254 |
| നീക്കിയിരിപ്പ് | 3921875 | 9479358 | 5557483 | |

മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളിൽ ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി കണക്കിലെടുക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്. വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ച മുറയ്ക്ക് ബജറ്റ് പുതുക്കി 27.02.2017-ൽ ഭരണ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടുണ്ട്.

## (2-1) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി ഈടാക്കുന്നില്ല

ഇലവുംതിട്ടയിൽ പ്രവർത്തിക്കുന്ന ശ്രീബുദ്ധ കോളേജ് ഓഫ് എൻജിനീയറിംഗ്, മെഴുവേലിയിൽ പ്രവർത്തിക്കുന്ന ശ്രീനാരായണ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് എന്നീ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ഗ്രാമപ്പഞ്ചായത്ത് വസ്തുനികുതി ഈടാക്കുന്നില്ല.

ഗ്രാമപ്പഞ്ചായത്തിലെ 12-ാം വാർഡിലെ 202-ാം നമ്പർ കെട്ടിടത്തിലാണ് ശ്രീനാരായണ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് എന്ന സ്വാശ്രയ കോളേജ് പ്രവർത്തിച്ച് വരുന്നത്. 2015-16 വരെ പ്രസ്തുത കെട്ടിടത്തിൽ ഒരു

എയ്ഡഡ് റ്റി.റ്റി.ഐ ആണ് പ്രവർത്തിച്ചിരുന്നതെന്നും ആയതിനാൽ സ്ഥാപനത്തെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിരുന്നു എന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക് (നം-9/15-07-2017) ലഭിച്ച മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ നിലവിൽ പ്രവർത്തിച്ച് വരുന്ന ശ്രീനാരായണ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് ഒരു സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനമായതിനാൽ പുതിയ വസ്തുനികുതി ചട്ടങ്ങൾ പ്രകാരം വസ്തുനികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കുകയില്ല. ആയതിനാൽ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ശ്രീബുദ്ധ കോളേജ് ഓഫ് എൻജിനീയറിംഗ് എന്ന സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കെട്ടിടങ്ങൾക്ക് 12-01-2010 -ൽ ഗ്രാമപ്പഞ്ചായത്ത് കെട്ടിടനമ്പർ നൽകി. 2011- ലെ പുതിയ വസ്തുനികുതി ചട്ടങ്ങൾ, ബഹു തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12-04-2012 -ലെ 49590/RC2/2011/LSGD നമ്പർ സർക്കുലർ എന്നിവ പ്രകാരം ടി സ്ഥാപനങ്ങളെ വസ്തുനികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തി ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2012-13 മുതൽ വസ്തുനികുതി നിശ്ചയിച്ച് 27-10-2014 ലെ M4-1409(2)/2014-ാം നമ്പർ കത്ത് പ്രകാരം ടി സ്ഥാപനത്തിന് ഡിമാന്റ് നോട്ടീസ് നൽകുകയും ചെയ്തു. 164168 രൂപയാണ് പ്രതിവർഷം ഡിമാന്റ് ചെയ്തത്. എന്നാൽ ടി സ്ഥാപനം തുക അടവാക്കാതെ ബഹു കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയാണ് ചെയ്തിട്ടുള്ളത് (WP(C) No-29711/2014). ഇതിനെതിരെ ഗ്രാമപ്പഞ്ചായത്ത് 22-07-2016- ന് ഹൈക്കോടതിയിൽ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. പിന്നീട് ഇത് സംബന്ധിച്ച് മറ്റ് തുടർ നടപടികളൊന്നും ഉണ്ടായിട്ടില്ല എന്നുള്ളതാണ് ഫയലിൽ നിന്ന് വ്യക്തമാകുന്നത്. ഹൈക്കോടതി വിധിക്കനുസൃതമായി ടി വിഷയത്തിൽ ഗ്രാമപ്പഞ്ചായത്ത് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (1-2) വാർഷിക ധനകാര്യപത്രിക

| *വർഷം* | *ധനകാര്യപത്രിക ലഭിക്കേണ്ട തീയതി* | *ലഭിച്ച തീയതി* |
|---|---|---|
| 2016-17 | 15.5.2017 | 12.06-2017 |

വാർഷിക ധനകാര്യപത്രികാ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. ഷെഡ്യൂൾ B-4 ൽ വെസ്റ്റേൺ ഘട്ട് ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ബാലൻസ് തുകയായി 31.03.17 ൽ കാണിച്ചിരിക്കുന്നത് 5199 രൂപയാണ്. ആയത് ഇതേ തീയതിയിലെ പാസ്സ് ബുക്ക് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല.
2. ഷെഡ്യൂൾ B-4 ൽ കാണിച്ചിട്ടുള്ള ലൈബ്രറി ഗ്രാന്റ് ബാലൻസ് തുക 7437 രൂപയാണ്. എന്നാൽ പാസ്സ് ബുക്ക് പ്രകാരമുള്ള യഥാർത്ഥ ബാലൻസ് 23589 രൂപയാണ്.
3. ഷെഡ്യൂൾ B-14 (സ്റ്റോക്ക് ഇൻ ഹാൻഡ്) ൽ ഉൾപ്പെടുത്തിയിട്ടുള്ള മെറ്റീരിയൽ സ്റ്റോഴ്സിന്റെ വാല്യൂവായ 8000/- രൂപ തൻവർഷത്തേതല്ല. ആയത് മുൻ വർഷത്തെ ധനകാര്യപത്രികയിൽ നിന്നും ക്യാരി ഓവർ ചെയ്തതാണ്.
4. വസ്തു നികുതി സംബന്ധിച്ച് ഷെഡ്യൂൾ I-1 ൽ കാണിച്ചിരിക്കുന്ന ഡിമാന്റ് സഞ്ചയ സോഫ്റ്റ് വെയറിൽ നൽകിയിരിക്കുന്ന ഡിമാന്റ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

## (1-3) സാമ്പത്തിക വിശകലനം

| *ഇനം* | *2016-17* |
|---|---|
| മുന്നിരിപ്പ് | 6804225 |
| വരവ് | 35462900 |
| ആകെ | 42267125 |
| ചെലവ് | 32787767 |

| | |
|---|---|
| നീക്കിയിരിപ്പ് | 9479358 |

## (1-4 ) ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാലൻസ് | 2016-17 വർഷത്തെ ബജറ്റ് അലോക്കേഷൻ | ആകെ | 2016-17 വർഷത്തെ ചെലവ് | അവശേഷിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 7099826 | 7099826 | 5847090 | 1252736 | 82.36 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 6513856 | 6513856 | 4230753 | 2283103 | 64.95 |
| വികസന ഫണ്ട്-റ്റി.എസ്.പി | 0 | 36050 | 36050 | 0 | 36050 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6992086 | 6992086 | 3484424 | 3507662 | 49.83 |
| ലോകബാങ്ക് സഹായം | 0 | 2150182 | 2150182 | 1193753 | 956429 | 55.52 |
| സംരക്ഷണ ഗ്രാന്റ് – റോഡ് | 0 | 4475073 | 4475073 | 2298290 | 2176783 | 51.36 |
| സംരക്ഷണ ഗ്രാന്റ് – റോഡിതരം | 0 | 4021369 | 4021369 | 2542696 | 1478673 | 63.23 |
| ആകെ | 0 | 31288442 | 31288442 | 19597006 | 11691436 | 62.63 |

## (1-5) പദ്ധതി അവലോകന വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| *വർഷം* | *അംഗീകാരം ലഭിച്ചത്* | *അടങ്കൽ* | *നടപ്പാക്കിയത്* | *ഭാഗികമായി നടപ്പാക്കിയത്* | *ചെലവഴിച്ച തുക* | *നടപ്പാക്കാത്തവ* | *പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം* |
|---|---|---|---|---|---|---|---|
| 2016-17 | 149 | 41803435 | 119 | 0 | 23154480 | 30 | 79.87 |

## (1-6) പദ്ധതി നിർവ്വഹണ വിവരങ്ങൾ

| *വികസന മേഖല* | *അംഗീകരിച്ച പ്രോജക്ടുകൾ* | | *നടപ്പാക്കിയ പ്രോജക്ടുകൾ* | | |
|---|---|---|---|---|---|
| | *എണ്ണം* | *അടങ്കൽ തുക* | *എണ്ണം* | *ചെലവ് തുക* | *ചെലവ് ശതമാനം* |
| ഉല്പാദനം | 26 | 4015595 | 22 | 2938776 | 73.18 |
| സേവനം | 83 | 24693615 | 71 | 14181337 | 57.43 |
| പശ്ചാത്തലം | 40 | 13094225 | 26 | 6034367 | 46.08 |
| ആകെ | 149 | 41803435 | 119 | 23154480 | 55.39 |

നിർബന്ധിത വകയിരുത്തലുകളും ചെലവും

| *പദ്ധതി* | *വകയിരുത്തൽ* | *ചെലവ്* |
|---|---|---|

| | | |
|---|---|---|
| വനിതാ ഘടക പദ്ധതി | 3279344 | 1571780 |
| വൃദ്ധർ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ | 765770 | 454800 |
| പാലിയേറ്റീവ് കെയർ | 588850 | 585960 |
| ഖരമാലിന്യ നിർമ്മാർജ്ജനം | 0 | 0 |
| യുവജന വികസന പദ്ധതി | 633883 | 512930 |

## (1-7) തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷത്തിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| *ഇനം* | *മുൻവർഷം* | *തൻവർഷം* | *വ്യത്യാസം* | *ശതമാനം (+)/(-)* |
|---|---|---|---|---|
| നികുതി വരവുകൾ | 1889501 | 3428785 | *+ 1539284* | *+ 81.47* |
| നികുതിയേതര വരവുകൾ | 1978367 | 2356146 | *+ 377779* | *+ 19.10* |
| മറ്റ് വരവുകൾ | 363682 | 306789 | *- 56893* | *- 15.64* |
| ആകെ | 4231550 | 6091720 | *+ 1860170* | *+ 43.96* |

## (1-8) ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| *ക്ഷേമപദ്ധതിയുടെ പേര്* | *ഗുണഭോക്താക്കളുടെ എണ്ണം* | *ചെലവഴിച്ച തുക* |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 243 | 2611940 |
| വിധവാ പെൻഷൻ | 454 | 5147080 |
| വാർദ്ധക്യകാല പെൻഷൻ | 713 | 10460615 |
| വികലാംഗ പെൻഷൻ | 113 | 1146630 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 28 | 305390 |
| തൊഴിൽ രഹിത വേതനം | 37 | 50040 |

## (1-9) ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-07-2017 -ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 4515 (നാലായിരത്തി അഞ്ഞൂറ്റി പതിനഞ്ച്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## (1-10) ദുരിതാശ്വാസ നിധി

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിത നിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനും അതിലേക്ക്

ധനസമാഹരണം നടത്തുന്നതിനും അർഹരായവർക്ക് സഹായമെത്തിക്കുന്നതിനും ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## (1-11) മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.06.2017 | 2017 ഫെബ്രുവരി മുതൽ മാർച്ച് വരെ | റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29-09-2003 മുതൽ 17-10-2003 വരെ | 1998-99 മുതൽ 2002-03 വരെ | 26-12-2003 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (2-1) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി ഈടാക്കുന്നില്ല

ഇലവുംതിട്ടയിൽ പ്രവർത്തിക്കുന്ന ശ്രീബുദ്ധ കോളേജ് ഓഫ് എൻജിനീയറിംഗ്, മെഴുവേലിയിൽ പ്രവർത്തിക്കുന്ന ശ്രീനാരായണ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് എന്നീ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ഗ്രാമപ്പഞ്ചായത്ത് വസ്തുനികുതി ഈടാക്കുന്നില്ല.

ഗ്രാമപ്പഞ്ചായത്തിലെ 12-ാം വാർഡിലെ 202-ാം നമ്പർ കെട്ടിടത്തിലാണ് ശ്രീനാരായണ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് എന്ന സ്വാശ്രയ കോളേജ് പ്രവർത്തിച്ച് വരുന്നത്. 2015-16 വരെ പ്രസ്തുത കെട്ടിടത്തിൽ ഒരു എയ്ഡഡ് റ്റി.റ്റി.ഐ ആണ് പ്രവർത്തിച്ചിരുന്നതെന്നും ആയതിനാൽ സ്ഥാപനത്തെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിരുന്നു എന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക് (നം-9/15-07-2017) ലഭിച്ച മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ നിലവിൽ പ്രവർത്തിച്ചു വരുന്ന ശ്രീനാരായണ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് ഒരു സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനമായതിനാൽ പുതിയ വസ്തുനികുതി ചട്ടങ്ങൾ പ്രകാരം വസ്തുനികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കുകയില്ല. ആയതിനാൽ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം അളന്നു തിട്ടപ്പെടുത്തി വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ശ്രീബുദ്ധ കോളേജ് ഓഫ് എൻജിനീയറിംഗ് എന്ന സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കെട്ടിടങ്ങൾക്ക് 12-01-2010-ൽ ഗ്രാമപ്പഞ്ചായത്ത് കെട്ടിടനമ്പർ നൽകി. 2011 ലെ പുതിയ വസ്തുനികുതി ചട്ടങ്ങൾ, ബഹു തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12-04-2012-ലെ 49590/RC2/2011/LSGD നമ്പർ സർക്കുലർ എന്നിവ പ്രകാരം ടി സ്ഥാപനങ്ങളെ വസ്തുനികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തി ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2012-13 മുതൽ വസ്തുനികുതി നിശ്ചയിച്ച് 27-10-2014-ലെ M4-1409(2)/2014-ാം നമ്പർ കത്ത് പ്രകാരം ടി സ്ഥാപനത്തിന് ഡിമാന്റ് നോട്ടീസ് നൽകുകയും ചെയ്തു. 164168 രൂപയാണ് പ്രതിവർഷം ഡിമാന്റ് ചെയ്തത്. എന്നാൽ ടി സ്ഥാപനം തുക അടവാക്കാതെ ബഹു കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയാണ് ചെയ്തിട്ടുള്ളത് (WP(C) No-29711/2014). ഇതിനെതിരെ ഗ്രാമപ്പഞ്ചായത്ത് 22-07-2016- ന് ഹൈക്കോടതിയിൽ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. പിന്നീട് ഇത് സംബന്ധിച്ച് മറ്റ് തുടർ നടപടികളൊന്നും ഉണ്ടായിട്ടില്ല എന്നുള്ളതാണ് ഫയലിൽ നിന്ന് വ്യക്തമാകുന്നത്. ഹൈക്കോടതി വിധിക്കനുസൃതമായി ടി വിഷയത്തിൽ ഗ്രാമപ്പഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## (2-2) ഷോപ്പിംഗ് കോംപ്ലക്സിലെ ഏറ്റവും വരുമാനമുള്ള കടമുറി ലേലം ചെയ്ത് നൽകിയില്ല

ഇലവുംതിട്ടയിലുള്ള ഗ്രാമപ്പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നം-52, 2016-17 സാമ്പത്തിക വർഷം

വാടകയ്ക്ക് നൽകിയില്ല. 2015-16 സാമ്പത്തിക വർഷം പ്രസ്തുത കടമുറിയ്ക്ക് 211680 രൂപയാണ് വാടകയിനത്തിൽ ലഭിച്ചത്. 23-03-2016 ൽ കടമുറി ലേലം നടത്തിയിരുന്നെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ ഭരണസമിതിയുടെ 26-03-2016-ലെ 1-ാം നമ്പർ തീരുമാന പ്രകാരം പുനർലേലം നിശ്ചയിച്ചിരുന്നു. എന്നാൽ ഗ്രാമപ്പഞ്ചായത്ത് പുനർലേലം നടത്തുകയോ മറ്റ് തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തില്ല.

ഇത് സംബന്ധമായി സ്വീകരിച്ച എല്ലാ തുടർനടപടികളുടെയും രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ( നം-10/14-07-2017)മറുപടി ലഭ്യമാക്കിയില്ല. ടി കടമുറിക്ക് ഉയർന്ന വാടകയായതിനാലാണ് ആരും ലേലം വിളിക്കാതിരുന്നതെന്നാണ് സെക്ഷൻ ക്ലർക്ക് വാക്കാൽ അറിയിച്ചത്. പുനർലേലം, ക്വട്ടേഷൻ എന്നീ നടപടികൾ സ്വീകരിക്കാതിരുന്നത് ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള ഗുരുതരവീഴ്ചയാണ്. 2016-17 വർഷവും 52-ാം നമ്പർ കടമുറി ലേലത്തിൽ പോയിട്ടില്ല. ആയതിനാൽ ടി വിഷയത്തിൽ ഭരണസമിതി അടിയന്തിരമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (3-1) ആസ്തികൾ സംരക്ഷിക്കുന്നതിനും ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനും നടപടിയില്ല

ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തികൾ അളന്ന് തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിനും ആസ്തി രജിസ്റ്റർ കൃത്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നില്ല. ഗ്രാമപ്പഞ്ചായത്ത് വാങ്ങിയതും ഇഷ്ടദാനമായി ലഭിച്ചതുമായ സ്ഥലങ്ങൾ പോക്കുവരവ് ചെയ്ത് കരം ഒടുക്കിയിട്ടില്ല ആസ്തി രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ വകയായുള്ള സ്ഥലങ്ങൾ സംബന്ധിച്ച് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ആസ്തിയുടെ വിവരം | സർവ്വേ നംപർ | വിസ്തൃതി |
|---|---|---|---|
| 1 | ചന്ത പുരയിടം | 459/7 | 1 ആർ |
| 2 | ആര്യാട്ടുമോടി ശ്മശാനം | രേഖപ്പെടുത്തിയിട്ടില്ല | 12 ആർ |
| 3 | കമ്മ്യൂണിറ്റി ഹാൾ സ്ഥലം | രേഖപ്പെടുത്തിയിട്ടില്ല | 10 ആർ |
| 4 | കൃഷിഭവൻ -സ്ഥലം (വാർഡ് 4) | രേഖപ്പെടുത്തിയിട്ടില്ല | 4 ആർ |
| 5 | നിർമ്മിതി കെട്ടിടം - സ്ഥലം (വാർഡ് 4) | രേഖപ്പെടുത്തിയിട്ടില്ല | 13 ആർ |
| 6 | മൃഗാശുപത്രി -സ്ഥലം (വാർഡ് 13) | രേഖപ്പെടുത്തിയിട്ടില്ല | 4 ആർ |
| 7 | ജി.വി.എൽ.പി.എസ് - സ്ഥലം (വാർഡ് 13) | 337/7 | 42 ആർ |
| 8 | ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് (വാർഡ് 6) | 272/5,459/7, 505/1E9,1E7, 1B | 92 ആർ |
| 9 | പഞ്ചായത്ത് ഐ.റ്റി.സി, ആയുർവേദാശുപത്രി | 330/3A4, 359/1-5 | 17 ആർ |
| 10 | ഗവ. യു.പി.എസ്, ചന്ദനക്കുന്ന് | 399/1-6 | 40 ആർ |
| 11 | പഞ്ചായത്ത് സ്റ്റേഡിയം | രേഖപ്പെടുത്തിയിട്ടില്ല | 86 ആർ |
| 12 | ഹോമിയോ ആശുപത്രി | 342/1-2 | 10 ആർ |
| 13 | സ്കൂൾ കെട്ടിടം | 333/7<br>135 | 30 ആർ<br>86 ച.മീ. |

| | | | |
|---|---|---|---|
| 14 | ഗവ.യു.പി.എസ് കെട്ടിടം, സരസകവി മൂലൂർ സ്മാരകം | 246/5 | 1 ഹെക്ടർ |
| 15 | ആയുർവേദ ഹോസ്പിറ്റൽ (വാർഡ് 10) | 359/1-5 | 16 ആർ |
| 16 | പഞ്ചായത്ത് ഓഫീസ് കെട്ടിടം നിൽക്കുന്ന സ്ഥലം (വാർഡ് 10) | 406/2A | 4 ആർ |
| 17 | പി.എച്ച്.സി, ഉള്ളന്നൂർ | 557/1, 557/4 | 1 ഹെക്ടർ |
| 18 | കരം പിരിവിനുള്ള കെട്ടിടം | രേഖപ്പെടുത്തിയിട്ടില്ല | 60 ആർ 72 ച.മീ. |
| 19 | അംഗൻവാടി കെട്ടിടം | രേഖപ്പെടുത്തിയിട്ടില്ല | 98 ആർ |
| 20 | മത്സ്യമാർക്കറ്റ് | രേഖപ്പെടുത്തിയിട്ടില്ല | 98 ആർ |
| 21 | സാംസ്കാരിക നിലയം | 434/2 | 6 ആർ 7 ച.മീ |

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള സ്ഥലങ്ങൾ റവന്യൂ അധികാരികളുമായി ചേർന്ന് അളന്ന് തിട്ടപ്പെടുത്തുന്നതിനും അതിർത്തി/ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നില്ല. ഉദാഹരണമായി, ഉള്ളന്നൂർ പ്രാഥമിക ആരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യുന്ന ഒരു ഹെക്ടർ വിസ്തൃതിയുള്ള സ്ഥലം (ആസ്തി രജിസ്റ്റർ പ്രകാരം) അളന്ന് തിട്ടപ്പെടുത്താതെയും അതിർത്തി കെട്ടി സംരക്ഷിക്കാതെയും കിടക്കുന്നതിനാൽ കൈയ്യേറ്റം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ട സ്ഥിതിയാണുള്ളത്. ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനായി വാങ്ങിയ സ്ഥലവും ഒന്നിനും ഉപയോഗിക്കാതെയും സംരക്ഷിക്കാതെയും ഉപേക്ഷിച്ച സ്ഥിതിയാണുള്ളത്.

ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ ഒട്ടേറെ അപാകതകൾ ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. 2009-10 മുതൽ നാളിതുവരെ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ആസ്തി രജിസ്റ്ററിൽ ആസ്തികളുടെ അളവ് വിവരം രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യമല്ല. ഉദാ - ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനായുള്ള സ്ഥലം. (ടി ആസ്തിയുടെ വിവരം രജിസ്റ്ററിൽ 92. ആർ എന്നും മറ്റൊരിടത്ത് 80 ആർ എന്നും തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കരം ഒടുക്കുന്നത് 45 ആർ വിസ്തൃതിക്കാണ്.)

3. ഭൂരിഭാഗം ആസ്തികളും നിലനിൽക്കുന്ന വാർഡ് രേഖപ്പെടുത്തിയിട്ടില്ല.

4. കൃഷിഭവൻ, മൃഗാശുപത്രി എന്നിവ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ ടി സ്ഥാപനങ്ങളുടേത് എന്ന പേരിൽ ആസ്തി രജിസ്റ്ററിൽ സ്ഥലം (4 ആർ വീതം) ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കരം പിരിവിനുള്ള കെട്ടിടം എന്ന പേരിൽ 60 ആർ വിസ്തൃതി ഉള്ള സ്ഥലം രജിസ്റ്റിൽ ഉൾപ്പെടുത്തിക്കാണുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ റവന്യൂ അധികാരികളുമായി ചേർന്ന് അളന്ന് തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിന് അടിയന്തിര നടപടി ഉണ്ടാകേണ്ടതാണ്. കൂടാതെ ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമാക്കേണ്ടതും ഗ്രാമപഞ്ചായത്ത് വാങ്ങിയതും ഇഷ്ടദാനമായി ലഭിച്ചതുമായ വസ്തുക്കൾ പോക്കുവരവു ചെയ്യേണ്ടതുമാണ്.

## (3-2) ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമായ തുക പൂർണ്ണമായി ചെലവഴിക്കുന്നില്ല

2016-17 സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണത്തിനായി ഗ്രാമപ്പഞ്ചായത്തിന് ലഭ്യമായത് 19597006 രൂപയാണ്. എന്നാൽ ചെലവഴിച്ചത് 11691436രൂപയാണ്. ലഭ്യമായ തുകയുടെ 62.63%. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. സർക്കാർ ഉത്തരവ് നം-199/2015/ഫിൻ തീയതി 21.03.2015 പ്രകാരം 2015-16 സാമ്പത്തിക വർഷം മുതൽ പദ്ധതിപ്പണം ചെലവഴിക്കുന്നതിൽ 2015-16 വർഷം വരെ തുടർന്നു വന്ന സമ്പ്രദായം നിർത്തലാക്കുകയും ബജറ്റിൽ അംഗീകരിച്ച തുക മൂന്ന് തവണകളിലായി അലോട്ട്മെന്റിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ സഞ്ചിതനിധിയിൽ നിന്നും നേരിട്ട് ചെലവ് വൗച്ചർ മുഖേന പിൻവലിക്കാനും നിർദ്ദേശിച്ചിരുന്നു. സർക്കാരിന്റെ സഞ്ചിതനിധിയിലുള്ള തുക ഉപയോഗിക്കാതെ അവശേഷിക്കുന്നത് വർഷാവസാനം ലാപ്സാകുന്നു. സർക്കാരിന്റെ മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം വർഷാവസാനം ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ അഡീഷണൽ ഓതറൈസേഷൻ/ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ് വഴി

ട്രഷറി ഓഫീസർ സാക്ഷ്യപ്പെടുത്തുന്ന തുക ജൂലായ് മാസത്തിൽ നൽകുന്നതാണെന്ന് അറിയിച്ചിരുന്നുവെങ്കിലും നടപ്പ് സാമ്പത്തിക വർഷം ഇതുവരെയും തുകയൊന്നും ലഭ്യമായിട്ടില്ല. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഫണ്ടിനം | 2016-17 വർഷത്തെ ബജറ്റ് അലോക്കേഷൻ | 2016-17 വർഷത്തെ ചെലവ് | അവശേഷിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 7099826 | 5847090 | 1252736 | 82.36 |
| വികസന ഫണ്ട്-എസ്.സി.പി | 6513856 | 4230753 | 2283103 | 64.95 |
| വികസന ഫണ്ട്-റ്റി.എസ്.പി | 36050 | 0 | 36050 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6992086 | 3484424 | 3507662 | 49.83 |
| ലോകബാങ്ക് സഹായം | 2150182 | 1193753 | 956429 | 55.52 |
| സംരക്ഷണ ഗ്രാന്റ് -റോഡ് | 4475073 | 2298290 | 2176783 | 51.36 |
| സംരക്ഷണ ഗ്രാന്റ് -റോഡിതരം | 4021369 | 2542696 | 1478673 | 63.23 |
| ആകെ | 31288442 | 19597006 | 11691436 | 62.63 |

പ്രസ്തുത സാഹചര്യത്തിൽ സ്പിൽ ഓവർ പ്രോജക്ടുകളുടെ നിർവ്വഹണത്തിന് തുക തൻവർഷത്തെ ബജറ്റ് അലോക്കേഷനിൽ നിന്നുമാണ് കണ്ടെത്തേണ്ടത്. ആയതിനാൽ പദ്ധതി നിർവ്വഹണം അതാത് വർഷം തന്നെ പൂർണ്ണമായും പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമാകുന്ന തുക ഗ്രാമപ്പഞ്ചായത്തിന് നഷ്ടമാവും. പ്രസ്തുത പ്രവണത മുന്നിൽകണ്ട് ഓരോ പ്രോജക്ടിലും വകയിരുത്തുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നതിന് പദ്ധതികൾ അതാത് വർഷം തന്നെ പൂർത്തീകരിക്കുന്നതിനുമായി ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (3-3) സ്ട്രീറ്റ് ലൈറ്റുകളുടെ കറന്റ് ചാർജ്ജ് - അധിക തുക അടവാക്കി

ഗ്രാമപ്പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകളുടെ കറന്റ് ചാർജ്ജിനത്തിൽ (കൺസ്യൂമർ നം-1631) മാസം തോറും അടവാക്കുന്നത് 65596 രൂപ വീതമാണ്. എന്നാൽ 07/2016 മുതൽ 10/2016 വരെയുള്ള കാലയളവിൽ 65596 രൂപയിൽ കൂടുതൽ തുക കറന്റ്ചാർജ്ജിനത്തിൽ അടവാക്കി. തുടർന്ന് 11/2016 മുതൽ 65596 രൂപ വീതമാണ് അടവാക്കുന്നത്. അധികമായി അടവാക്കിയ കറന്റ് ചാർജ്ജിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | അടവാക്കിയ തുക | ചെക്ക് നമ്പരും തീയതിയും | അധികമായി അടവാക്കിയ തുക |
|---|---|---|---|
| 07/2016 | 85596 | 0238/12-07-2016 | 20000 |
| 08/2016 | 90676 | 6118/09-08-2016 | 25080 |
| 09/2016 | 87096 | 6142/07-09-2016 | 21500 |
| 10/2016 | 70103 | 10354/07-10-2016 | 4507 |
| | | ആകെ | 71087 |

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം അധികമായി തുക അടവാക്കിയ അപാകതയ്ക്ക് ഓഡിറ്റിൽ വിശദീകരണം നൽകണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം- 08/ 17തീയതി 14-07-2017)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സാഹചര്യത്തിൽ അധികമായി ചെലവഴിച്ച 71087 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു. പ്രസ്തുത തുക അടുത്തബില്ലിൽ ക്രമീകരിക്കേണ്ടതാണ്.

## (3-4) പരമാവധി പ്രവൃത്തികൾ ഇ-ടെൻഡർ ചെയ്യുന്നതിന് നടപടിയില്ല.

ടെണ്ടർ നടപടികൾ സ്വീകരിച്ച പരമാവധി പൊതുമരാമത്ത് പ്രവർത്തികൾക്ക് ഇ-ടെണ്ടർ അവലംബിക്കുന്നതിന് നടപടി സ്വീകരിച്ചില്ല. സമർപ്പിക്കപ്പെട്ട ടെണ്ടറുകളിലെ നിരക്ക് പരിശോധിച്ചതിൽ, കരാറുകാർ പരസ്പരം കൂടിയാലോചിച്ച് ടെണ്ടർ സമർപ്പിച്ചതിന് സാധ്യത നിലനിൽക്കുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്/ അടങ്കൽ | സമർപ്പിക്കപ്പെട്ട ടെണ്ടറുകളുടെ എണ്ണം | കരാറുകാരന്റെ പേര്/ നിരക്ക് | പ്രവൃത്തി മൂല്യം |
|---|---|---|---|---|
| 1 | ഖരമാലിന്യ സംസ്കരണ യൂണിറ്റ് നിർമ്മാണം<br>148/16, 480000 | 2 | 1. ഷാജിലാൽ വി, തൈപ്പറമ്പിൽ (.5% കുറവ്)<br>2. രാമാനന്ദഷേണായി, പുത്തൻ മഠത്തിൽ (എസ്റ്റിമേറ്റ് നിരക്ക്) | 456679 |
| 2 | മഠത്തുംപടി മുമ്മൂല റോഡ് പാർശ്വഭിത്തി നിർമ്മാണം 48/17, 284070 | 2 | 1. സജി എസ്, സജി സദനം ( 2% കൂടുതൽ)<br>2. ജിജി വർഗ്ഗീസ്, ചേമ്പാലേത്ത് (എസ്റ്റിമേറ്റ് നിരക്ക്) | 267271 |
| 3 | ചന്ദനക്കുന്ന് ഒടിയുഴം റോഡ് പാർശ്വഭിത്തി നിർമ്മാണം 49/17, 355686 | 2 | 1. സജി എസ്, സജി സദനം<br>(എസ്റ്റിമേറ്റ് നിരക്ക്)<br>2. ജിജി വർഗ്ഗീസ്, ചേമ്പാലേത്ത്<br>(3.7% കൂടുതൽ) | 329637 |
| 4 | കൈയ്യംതടം ആണർകോഡ് റോഡ് റീ ടാറിംഗ് 52/17, 500000 | 2 | 1. പി ആർ ആനന്ദൻ പിള്ള,ആനന്ദ ഭവനം ( 2% കൂടുതൽ)<br>2. സജി മാത്യു, കുളങ്ങര ഹൗസ്<br>(.5% കുറവ്) | 497035 |
| 5 | കല്ലൻമോടി കൈനിൽക്കുന്നിടം ആണർകോഡ് റോഡ് റീ ടാറിംഗ് 53/17, 350000 | 2 | 1. ഹരിലാൽ എസ് (3% കൂടുതൽ)<br>2. സജി മാത്യു<br>(.5% കുറവ്) | 348023 |

എസ്റ്റിമേറ്റ് തുക 500000 രൂപയും അതിന് മുകളിലും ഉള്ള എല്ലാ പ്രവർത്തികളും ആണ് ഇലക്ട്രോണിക് ടെണ്ടറിന്റെ പരിധിയിൽ ഉൾപ്പെടുത്തി 17/11/2015 ലെ ജി ഒ പി 524/15 നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളത്. എന്നാൽ ടെണ്ടർ നടപടികളിൽ സുതാര്യത ഉറപ്പാക്കുന്നതിന് പരാമാവധി പ്രവർത്തികൾക്ക് ഇ-ടെണ്ടർ നടപടി അവലംബിക്കേണ്ടതും

സർക്കാരിന്റെ നിർദ്ദേശം പാലിക്കേണ്ടതുമാണ്.

## (3-5) തെരുവ് വിളക്കുകളുടെ മീറ്ററിംഗ്- തുക ഡെപ്പോസിറ്റ് ചെയ്തുവെങ്കിലും പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | തെരുവ് വിളക്കുകളുടെ മീറ്ററിംഗ് (153/17) |
| വകയിരുത്തിയ തുക | 657800 (വികസന ഫണ്ട്) |
| ചെലവ് തുക | 254400 ( ബിൽ നം-35/14-03-2017)<br>228994 ( ബിൽ നം-38/21-03-2017)<br>184406 ( ബിൽ നം-39/21-03-2017) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമപ്പഞ്ചായത്ത് |

2016-17 സാമ്പത്തിക വർഷത്തിൽ തെരുവ് വിളക്കുകളുടെ മീറ്ററിംഗിനായി 657800 രൂപ മൂന്ന് ഇലക്ട്രിക്കൽ സെക്ഷനുകളിലായി ഡെപ്പോസിറ്റ് ചെയ്തു. 254400 രൂപ അടൂർ സെക്ഷനിലും 228994 രൂപ കുളനട സെക്ഷനിലും 184406 രൂപ ആറന്മുള സെക്ഷനിലുമാണ് അടവാക്കിയത്. എന്നാൽ ടി സ്ഥാപനങ്ങളുമായി കരാർ ചമയ്ക്കാതെയാണ് തുക അടവാക്കിയിരിക്കുന്നത്. ഓഡിറ്റ് സമയത്തും മീറ്ററിംഗിനായുള്ള യാതൊരു പ്രവർത്തനങ്ങളും കെ.എസ്.ഇ.ബി ആരംഭിച്ചിട്ടില്ല. ആയതിനാൽ കെ.എസ്.ഇ.ബി അധികൃതരുമായി കരാർ ചമയ്ക്കുന്നതിനും മീറ്ററിംഗ് നടപടികൾ പൂർത്തീകരിക്കുന്നതിനും ആവശ്യമായുള്ള നടപടികൾ ഭരണസമിതി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

മാസം 65596 രൂപ നിരക്കിൽ ഒരു വർഷം എട്ടുലക്ഷത്തോളം രൂപ തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജിനത്തിൽ ഗ്രാമപ്പഞ്ചായത്ത് അടവാക്കുന്നുണ്ട്. തനത് വരുമാനം വളരെ കുറവായ സാഹചര്യത്തിൽ ടി തുക വലിയ ബാധ്യത തന്നെയാണ് . ആയതിനാൽ തെരുവ് വിളക്കുകളുടെ മീറ്ററിംഗ് നടപടികൾ പൂർത്തീകരിക്കുന്നതിൽ ഭരണസമിതിയുടെ സത്വരനടപടികൾ ആവശ്യമാണ്.

## (3-6) വനിതാ ഐ.റ്റി.ഐ ക്ക് സ്ഥലം ലഭ്യമാക്കുന്നതിന് നടപടിയില്ല

ഗ്രാമപ്പഞ്ചായത്തിന് വനിതാ ഐ.റ്റി.ഐ 8-8-2008 ലെ ജി.ഒ.(എം.എസ്) 107/2008/LBR നംപർ ഉത്തരവ് പ്രകാരം സർക്കാർ അനുവദിച്ചിരുന്നു. ബന്ധപ്പെട്ട ഗ്രാമപ്പഞ്ചായത്തുകൾ സ്ഥലം, കെട്ടിടം, ഫർണിച്ചർ എന്നിവ സൗജന്യമായി നൽകണമെന്ന നിബന്ധനയോടെയാണ് ഐ.റ്റി.ഐ അനുവദിച്ചത്. തുടർന്ന് ഗ്രാമപ്പഞ്ചായത്ത് കമ്മിറ്റിയുടെ 5-5-08 ലെ 3(1) നമ്പർ തീരുമാനപ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ ഏറ്റവും മുകളിലത്തെ നിലയും രണ്ടാമത്തെ നിലയിലെ മദ്ധ്യഭാഗത്തെ ഹാൾമുറിയും ഐ.റ്റി.ഐ-ക്കായി വിട്ടുനൽകി. പഞ്ചായത്ത് കൈമാറുന്ന സ്ഥലത്ത് സ്ഥിരം കെട്ടിടം നിർമ്മിക്കുന്നത് വരെ വാടക ഒഴിവാക്കി നൽകുന്നതിന് സമ്മതിച്ച് 25-9-08 ൽ എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ ഐ.റ്റി.ഐ- ക്കാവശ്യമായ സ്ഥലം കണ്ടെത്തി കൈമാറാൻ ഇതേവരെ ഗ്രാമപ്പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. അനുയോജ്യമായ സ്ഥലം ലഭ്യമാക്കാത്തപക്ഷം തുടർന്നുള്ള വർഷം ട്രെയിനികൾക്ക് പ്രവേശനം നൽകുന്നതല്ല എന്ന് 19-2-15 ൽ വ്യാവസായിക പരിശീലന വകുപ്പ് ട്രെയിനിംഗ് ഡയറക്ടർ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ആയതിന് സ്ഥലം വാങ്ങുന്നതിന് വേണ്ടി 2014-15 ലെ വാർഷിക പദ്ധതിയിൽപെടുത്തി ഫണ്ട് വിനിയോഗിക്കുന്നതിന് പഞ്ചായത്ത് സർക്കാരിനെ സമീപിച്ചെങ്കിലും, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗണത്തിൽ ഐ.റ്റി.ഐ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ, സർക്കാർ ആയതിന് അനുമതി നൽകുകയുണ്ടായില്ല.

സർക്കാരിൽ നിന്നും പുറമ്പോക്ക് സ്ഥലം ലഭ്യമാക്കി ഐ.റ്റി.ഐ-ക്ക് കൈമാറുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതിനാൽ ഐ.റ്റി.ഐ-ക്ക് വിട്ടുനൽകിയിട്ടുള്ള മുറികളുടെ വാടക ഇനത്തിലും ഡെപ്പോസിറ്റ് ഇനത്തിലും ഉണ്ടാകുന്ന ഗണ്യമായ വരവ് നഷ്ടം ഒഴിവാക്കാൻ ഗ്രാമപ്പഞ്ചായത്തിന് കഴിയാത്ത സ്ഥിതിയാണുള്ളത്. സർക്കാർ പുറമ്പോക്ക് സ്ഥലം കണ്ടെത്തിയശേഷം ആയത് വനിതാ ഐ.റ്റി.ഐ -ക്ക് വേണ്ടി വിട്ടുകിട്ടുന്നതിന് അനുമതിക്കായി സർക്കാരിനെ സമീപിക്കുന്നതിനും സ്ഥലം പ്രസ്തുത സ്ഥാപനത്തിന് നൽകുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## (3-7) ആശ്രയ രണ്ടാംഘട്ട പദ്ധതി - തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കാൻ എടുത്തത് 4 വർഷം !

അഗതികളോട് കടുത്ത അവഗണനയുമായി ഗ്രാമപ്പഞ്ചായത്ത്. രണ്ടാംഘട്ട ആശ്രയ പദ്ധതിക്കായുള്ള ഗുണഭോക്താക്കളെ സർവ്വെയിലൂടെ കണ്ടെത്തി 11/2012 ൽ ലിസ്റ്റ് തയ്യാറാക്കിയെങ്കിലും ആയത് പഞ്ചായത്ത് കമ്മിറ്റിക്ക് നൽകുന്നതിനും കുടുംബശ്രീ ജില്ലാമിഷന് നൽകി അംഗീകാരം വാങ്ങുന്നതിനുമായി 4 വർഷം കാലതാമസം വരുത്തി.

രണ്ടാംഘട്ട ആശ്രയ പദ്ധതിക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ പൂർത്തീകരിച്ചതായി 6-11-12- ലെ സി.ഡി.എസ് യോഗം തീരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്. സർവ്വേ പൂർത്തീകരിച്ചവ ക്രോഡീകരിക്കുന്നതിനും ഫോട്ടോ എടുക്കുന്നതിനും 21-12-12 -ലെ സി.ഡി.എസ് യോഗം തീരുമാനിച്ചിരുന്നു. എന്നാൽ ലിസ്റ്റ് പഞ്ചായത്ത് കമ്മിറ്റിക്ക് കൈമാറിയത് 30-5-14- ൽ മാത്രമാണ്. (സി.ഡി.എസിന്റെ 30-5-14 ലെ 10-ാം നംപർ തീരുമാനം) 6-11-12 ൽ ലിസ്റ്റ് പൂർത്തീകരിച്ചശേഷം ലിസ്റ്റ് പഞ്ചായത്ത് കമ്മിറ്റിക്ക് നൽകാൻ ഇത്രയും കാലതാമസം വരുത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

രണ്ടാംഘട്ട പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റ് 31-1-17 ൽ മാത്രമാണ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചത്. (31-1-17 ലെ 3(1) നംപർ തീരുമാനം)പദ്ധതിക്ക് 31-3-17 ൽ കുടുംബശ്രീ ജില്ലാമിഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. 30-5-14 ൽ ലഭിച്ച ലിസ്റ്റ് രണ്ടര വർഷം കൈവശം വച്ചശേഷം 31-1-17 ൽ മാത്രമാണ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് ജില്ലാ മിഷന് നൽകിയത്. ലിസ്റ്റ് യഥാസമയം ജില്ലാമിഷന് കൈമാറി അംഗീകാരം വാങ്ങുന്നതിൽ സി.ഡി.എസിന്റെയും പഞ്ചായത്ത് കമ്മിറ്റിയുടെയും ഭാഗത്ത് നിന്നും ഗുരുതരമായ അലംഭാവവും വീഴ്ചയും ഉണ്ടായതായി വിലയിരുത്തുന്നു.

അഗതികളായ 66 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയ രണ്ടാംഘട്ട പദ്ധതിയുടെ ആകെ അടങ്കൽ 68.33 ലക്ഷം രൂപ ആണ്. (ചലഞ്ച് ഫണ്ട്- 10.56 ലക്ഷം, ഐ.എ.വൈ – 38 ലക്ഷം, പഞ്ചായത്ത് ഫണ്ട് - 19.77 ലക്ഷം) പദ്ധതിക്ക് ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം ലഭ്യമാക്കുന്നതിന് ശ്രമമുണ്ടായില്ല. 2016-17 ൽ പഞ്ചായത്ത് വിഹിതം ആയി 685000 രൂപ വകയിരുത്തിയിരുന്നുവെങ്കിലും 150000 രൂപ മാത്രമാണ് നൽകിയത്.പ്രസ്തുത തുക ഇതേവരെ ചെലവഴിച്ചില്ല. രണ്ടാംഘട്ട പദ്ധതിക്ക് ചലഞ്ച് ഫണ്ട് ഇനത്തിൽ ഇതേവരെ തുകയൊന്നും ലഭിച്ചിട്ടില്ല. ആശ്രയ ഗുണഭോക്താക്കളെ ഐ.എ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടിരുന്നുവെങ്കിലും ഭവനനിർമ്മാണത്തിനായുള്ള ഗുണഭോക്തൃലിസ്റ്റ് ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടില്ല. ഫലത്തിൽ രണ്ടാംഘട്ട പദ്ധതി കടലാസ്സിൽ മാത്രമായി ഒതുങ്ങുന്നു.

ഒന്നാംഘട്ട പദ്ധതിക്കായി ലഭിച്ച ചലഞ്ച് ഫണ്ടിൽ 15017 രൂപയും പലിശ ഇനത്തിൽ 86000 രൂപയും നീക്കിബാക്കി ആയി ഉണ്ട്. ഭക്ഷണവിതരണം മാത്രമാണ് നിലവിൽ നിർവ്വഹിച്ച് വരുന്നത്.

ആശ്രയ പദ്ധതിയുടെ മേൽനോട്ടത്തിന് സർക്കാർ നിഷ്കർഷിച്ച പ്രകാരം ഒരു വിലയിരുത്തൽ സമിതി ഇതേവരെ രൂപീകരിക്കുകയോ മോണിട്ടറിംഗ് നടത്തുകയോ ചെയ്തിട്ടില്ല എന്നത് ഈ മേഖലയോട് പഞ്ചായത്തിനുള്ള അവഗണനയുടെ ആഴം വ്യക്തമാക്കുന്നു. ആയത് അഭിലഷണീയമല്ല.

പരമാവധി വികസനഫണ്ട് പദ്ധതിവിഹിതം ഇനത്തിൽ നൽകുന്നതിനും ചലഞ്ച് ഫണ്ടിനൊപ്പം ജില്ലാ/ ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും അഗതികളുടെ ക്ഷേമം എന്ന തങ്ങളുടെ ചുമതല നടപ്പാക്കുന്നതിന് സി.ഡി.എസിന്റെയും പഞ്ചായത്ത് ഭരണസമിതിയുടെയും യോജിച്ച ശ്രമം ഉണ്ടാകേണ്ടതുമാണ്.

## (3-8) പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ - ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകിയില്ല

2016-17 സാമ്പത്തിക വർഷം പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (S0060/17) പദ്ധതി നടപ്പിലാക്കിയപ്പോൾ ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകിയിട്ടില്ല. ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതിക്കായി വികസന ഫണ്ട് 265000 രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ ജില്ലാ പഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമാക്കാതെയാണ് പദ്ധതി രൂപീകരിച്ചത്. ഇതുമൂലം പദ്ധതിയിലുൾപ്പെട്ട 13 ഗുണഭോക്താക്കൾക്ക് ചുവടെ ചേർക്കും പ്രകാരമുള്ള ആനുകൂല്യം മാത്രമാണ് ലഭിച്ചിട്ടുള്ളത്.

| ക്രമ നം | ഗുണഭോക്താക്കളുടെ എണ്ണം | നൽകിയ തുക | ആകെ |
|---|---|---|---|
| 1 | 9 | 12000 | 108000 |

| | | | |
|---|---|---|---|
| 2 | 3 | 6600 | 19800 |
| 3 | 1 | 8000 | 8000 |
| ആകെ | 13 | | 135800 |

പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഒരു വർഷം 15,200 രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് പ്രതിവർഷം 5300 രൂപ മുതൽ 19,500 രൂപ വരെയും നൽകാമെന്നിരിക്കെ, പദ്ധതി രൂപീകരിച്ചപ്പോൾ കുറഞ്ഞ തുക വകയിരുത്തി തുച്ഛമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയത് ഇത്തരത്തിൽ അവശത നേരിടുന്നവരോടുള്ള പഞ്ചായത്തിന്റെ അവഗണനയെയാണ് സൂചിപ്പിക്കുന്നത്. ഇത്തരം സംയുക്ത പദ്ധതികൾ നടപ്പിലാക്കുമ്പോൾ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതം യഥാസമയം ലഭ്യമാക്കുന്നതിനും അർഹമായ നിരക്കിൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്യുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## (3-9) അങ്കണവാടി പോഷകാഹാര പരിപാടിക്ക് പട്ടികജാതി ഫണ്ട് വകയിരുത്തിയപ്പോൾ സർക്കാർ നിർദ്ദേശം പാലിച്ചില്ല

2016-17-ലെ വാർഷിക പദ്ധതിയിൽ അങ്കണവാടി പോഷകാഹാര പദ്ധതിയ്ക്ക് പട്ടികജാതി വികസന ഫണ്ടിൽനിന്നും 2 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് ചെലവ് ചെയ്തിട്ടുണ്ട്. അങ്കണവാടികളിൽ പഠിക്കുന്ന പൊതുവിഭാഗം, പട്ടികജാതി, പട്ടിക വർഗ്ഗ വിഭാഗം കുട്ടികളുടെ എണ്ണത്തിന്റെ അനുപാതത്തിൽ വേണം പൊതുവിഭാഗം, എസ്.സി.പി., ടി.എസ്.പി. ഫണ്ടുകൾ പദ്ധതിയ്ക്കായി വകയിരുത്താൻ (സ.ഉ.(എം.എസ്.)നമ്പർ 4/2016/തസ്വഭവ, തീയതി. 11.01.2016-ഖ.9(i)). ഐ.സി.ഡി.എസ്. സൂപ്പർവൈസർ തയ്യാറാക്കിയിട്ടുള്ള ഓരോ വിഭാഗത്തിലെയും കുട്ടികളുടെ എണ്ണവും, ശതമാനവും സംബന്ധിച്ച സാക്ഷ്യപത്രം അനിവാര്യമായും പ്രോജക്ടിനോടൊപ്പം സമർപ്പിച്ചിരിക്കണമെന്ന് മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. എന്നാൽ ഇത്തരമൊരു സാക്ഷ്യപത്രത്തിന്റെ അഭാവത്തിലാണ് പട്ടികജാതി ഫണ്ട് വകയിരുത്തി പോഷകാഹാര വിതരണത്തിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. സർക്കാർ മാർഗ്ഗരേഖയുടെ ലംഘനം ശ്രദ്ധയിൽപ്പെടുത്തുന്നു.

## (3-10) കാർഷിക മേഖലയിലെ പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കിയില്ല

കാർഷിക മേഖലയിലെ പ്രോജക്ടുകൾ യഥാസമയം നടപ്പിലാക്കുന്നില്ല. ഓഡിറ്റ് വർഷം വികസന ഫണ്ടിൽനിന്നും 12.8 ലക്ഷം രൂപ അടങ്കൽ വകയിരുത്തി 13 പ്രോജക്ടുകളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ.നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ വികസന ഫണ്ട് | ചെലവ് |
|---|---|---|---|
| 22/17 | വാഴ കൃഷി വികസനം (ജനറൽ) | 150000 | 108900 |
| 23/17 | വാഴകൃഷി (എസ്.സി.പി) | 100000 | 48510 |
| 76/17 | വെറ്റില കൃഷി (എസ്.സി.പി) | 100000 | 98750 |
| 67/17 | വെറ്റില കൃഷി | 200000 | 185650 |

| | | | |
|---|---|---|---|
| 90/17 | കുറ്റികുരുമുളക് കൃഷി (ജനറൽ) | 11000 | 10200 |
| 91/17 | കുറ്റികുരുമുളക് കൃഷി (എസ്.സി.പി) | 75000 | 6500 |
| 93/17 | ഇഞ്ചികൃഷി വികസനം | 88215 | 82000 |
| 94/17 | കിഴങ്ങ് കൃഷി വികസനം (ജനറൽ) | 25625 | 24375 |
| 95/17 | കിഴങ്ങ് കൃഷി വികസനം (എസ്.സി.പി) | 100000 | 16000 |
| 96/17 | ഇഞ്ചികൃഷി വികസനം (എസ്.സി.പി) | 50000 | 12000 |
| 97/17 | കുടുംബശ്രീ യൂണിറ്റുകൾക്ക് ജൈവപച്ചക്കറി (എസ്.സി.പി) | 100000 | 15280 |
| 104/17 | കുടുംബശ്രീ യൂണിറ്റുകൾക്ക് ജൈവപച്ചക്കറി (ജനറൽ) | 65200 | 45000 |
| 109/17 | രോഗബാധിത തെങ്ങ് മുറിച്ചുമാറ്റി പുതിയ തെങ്ങുംതൈ നടൽ | 50160 | 44240 |

കാർഷിക മേഖലയുടെ സ്ഥായിയായ പുരോഗതിയ്ക്ക് ആവശ്യമായ സമഗ്രമായ പദ്ധതികൾ ഒന്നുംതന്നെ ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുന്നില്ല. ഏറ്റെടുക്കുന്ന പദ്ധതികളുടെ കാര്യത്തിലാകട്ടെ അവ സമയബന്ധിതമായി നടപ്പിലാക്കുന്നുമില്ല. അംഗീകരിച്ച പ്രോജക്ടുകളിലെ നിർവ്വഹണ കലണ്ടർ അനുസരിച്ച് ടി പദ്ധതികൾ എല്ലാം തന്നെ

ഒക്ടോബർ മാസം നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും മാർച്ച് മാസത്തിലെ അവസാന വാരത്തിലാണ് പദ്ധതിയ്ക്കാവശ്യമായ നടീൽ വസ്തുക്കളും, വളവും വിതരണം ചെയ്തിട്ടുള്ളത്. വിളവർദ്ധനയ്ക്കുള്ള പദ്ധതികൾ കൊടും വേനൽകാലമായ മാർച്ച് മാസത്തിൽ നടപ്പിലാക്കുന്നതിനാൽ പ്രോജക്ട് കൊണ്ട് ഉദ്ദേശിച്ച യഥാർത്ഥ പ്രയോജനം കർഷകർക്ക് ലഭിക്കുന്നില്ല. കാർഷിക മേഖലയുടെ സമഗ്രവികസനത്തിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും, അവ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## (3-11) പൂരക പോഷകാഹാരം- കേന്ദ്ര വിഹിതം പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നില്ല

പൂരക പോഷകാഹാര പദ്ധതിയ്ക്കായി നാളിതുവരെ ലഭിച്ചിട്ടുള്ള കേന്ദ്ര വിഹിതത്തിൽ 2016-17 സാമ്പത്തിക വർഷാവസാനം 471595 രൂപ ചെലവഴിക്കാതെ ബാക്കി നിൽക്കുന്നു. തനത് ഫണ്ടിലാണ് ഈ തുക സൂക്ഷിച്ചിട്ടുള്ളത്. ഇപ്രകാരം ലഭിക്കുന്ന കേന്ദ്ര വിഹിതം ദേശ സാൽകൃത ബാങ്കിൽ പ്രത്യേക സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കാതെ തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നതിനാൽ പ്രത്യേകാവശ്യത്തിനായി ലഭിച്ച കേന്ദ്ര ഫണ്ട് വകമാറ്റി ചെലവഴിക്കാനുള്ള സാദ്ധ്യത കൂടുതലാണ്. അതോടൊപ്പംതന്നെ ഈ തുകയ്ക്ക് ലഭിക്കേണ്ട വാർഷിക പലിശയും പഞ്ചായത്ത് ഫണ്ടിലേക്ക് പോകുന്നു. സർക്കാർ ഉത്തരവ് നം. 39033/ഡി.സി2/2010 ത.സ്വ.ഭാ.വ 03.09.2010 പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാകുന്ന കേന്ദ്ര വിഹിതത്തിൽ ശേഷിക്കുന്ന തുക കെട്ടിടം, കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും വിനിയോഗിക്കാവുന്നതാണ്. ടി ഉത്തരവിലെ നിർദ്ദേശം പാലിച്ച് കേന്ദ്ര വിഹിതത്തിൽ ബാക്കി നിൽക്കുന്ന തുക പഞ്ചായത്തിലെ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ക്രിയാത്മകമായി വിനിയോഗിക്കേണ്ടതും ഭാവിയിൽ ഇപ്രകാരം ലഭ്യമാകുന്ന കേന്ദ്ര വിഹിതം ദേശ സാൽകൃത ബാങ്കിൽ പ്രത്യേക സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങി സൂക്ഷിക്കേണ്ടതുമാണ്.

## (3-12) സ്ഥാപിതശേഷിയിലധികം കോഴിക്കുഞ്ഞുങ്ങളെ ഫാം ഗ്രാമപഞ്ചായത്തിന് നൽകി

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വെറ്ററനറി സർജന്റെ നിർവ്വഹണ ചുമതലയിൽ പ്രോജക്ട് നം.27/17, 28/17 എന്നിവ പ്രകാരം പൊതുവിഭാഗം വികസന ഫണ്ട് (ജനറൽ), എസ്.സി.പി എന്നിവയിൽ നിന്ന് യഥാക്രമം 181541 രൂപയും 100000 രൂപയും ഗുണഭോക്തൃവിഹിതം 108900 രൂപയും 60000 ഉൾപ്പടെ ആകെ 450441 രൂപ അടങ്കൽ വകയിരുത്തി മുട്ടക്കോഴികുഞ്ഞുങ്ങളെ വാങ്ങി വിതരണം ചെയ്യുന്നതിന് രണ്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടുകളുടെ ഭാഗമായി വികസന ഫണ്ടിൽനിന്നും 221000 രൂപയും ഗുണഭോക്തൃ വിഹിതത്തിൽനിന്നും 132600 രൂപയും ഉൾപ്പടെ ആകെ 353600 രൂപ (ബിൽ നം. 7/17 തീയതി. 30.3.2017) ചെലവഴിച്ച് 45-60 ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ വാങ്ങി വിതരണം ചെയ്തിട്ടുണ്ട് (ഒരു ഗുണഭോക്താവിന് 8 എണ്ണം വീതം). മാളു എഗ്ഗർ നഴ്സറി, അങ്ങാടിക്കൽ, ചെങ്ങന്നൂർ എന്ന സ്ഥാപനത്തിൽനിന്നുമാണ് കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയിരിക്കുന്നത്. ടി എഗ്ഗർ നഴ്സറി 01.10.2016 മുതൽ രണ്ട് വർഷകാലത്തേക്ക് പ്രവർത്തിപ്പിക്കുന്നതിന് അംഗീകാരം നൽകികൊണ്ട് ആലപ്പുഴ ജില്ലാ മൃഗസംരക്ഷണ ഓഫീസർ നൽകിയിട്ടുള്ള ഉത്തരവ് പ്രകാരം (നം.ബി2-1129/16, തീ.01.11.2016) സ്ഥാപനത്തിൽ വളർത്താവുന്ന കോഴിക്കുഞ്ഞുങ്ങളുടെ എണ്ണം 2000 ആയി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രേഖകൾ പ്രകാരം 02/2017 ൽ മാത്രം വിരിയിച്ച് ഇറക്കിയ 3536 കോഴിക്കുഞ്ഞുങ്ങളെ ടി സ്ഥാപനത്തിൽനിന്നും വാങ്ങിയിരിക്കുന്നു. രണ്ടായിരം കോഴിക്കുഞ്ഞുങ്ങളെ മാത്രം വളർത്തുന്നതിന് അനുമതിയുള്ള സ്ഥാപനം സ്ഥാപിതശേഷിയിൽ അധികം കോഴിക്കുഞ്ഞുങ്ങളെ സപ്ലൈ ചെയ്തത് സുതാര്യമല്ല പുറത്തുനിന്നും ഗുണനിലവാരം കുറഞ്ഞ കോഴിക്കുഞ്ഞുങ്ങളെ വാങ്ങി അംഗീകാരമുള്ള സ്ഥാപനത്തിന്റെ പേരിൽ വിതരണം ചെയ്തിരിക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. കൂടാതെ പദ്ധതിയുടെ നിർവ്വഹണം 2017 മാർച്ച് മാസംവരെ വലിച്ചുനീട്ടിയതും ശരിയായ നടപടിയല്ല. ഉയർന്ന അന്തരീക്ഷ താപനിലയുള്ള മാസങ്ങളിൽ കോഴിക്കുഞ്ഞുങ്ങളുടെ മരണനിരക്ക് ഉയർന്നിരിക്കുമെന്നത് നിർവ്വഹണ ഉദ്യോഗസ്ഥന് അറിവുള്ളതാണ്. ഈ സാഹചര്യത്തിൽ പ്രോജക്ടിലെ നിർവ്വഹണ കലണ്ടറിൽ കാണിച്ചിരിക്കുന്ന സമയക്രമം പദ്ധതി നിർവ്വഹണത്തിൽ പാലിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം പദ്ധതികൾ ഭാവിയിൽ നടപ്പാക്കുമ്പോൾ ഫാമിൽ വളർത്തുന്ന കോഴിക്കുഞ്ഞുങ്ങളെ വാങ്ങുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## (3-13) തുടർ സാക്ഷരതാ-ഓണറേറിയം ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക ക്രമീകരിക്കണം

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പത്തിശ്ശേരി തുടർ വിദ്യാകേന്ദ്രത്തിലെ സാക്ഷരതാ പ്രേരക്മാർക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും ഓണറേറിയം നൽകിയ ഇനത്തിൽ ചെലവഴിച്ച തുകയിൽ 30939 രൂപ ജില്ലാ മിഷനിൽ നിന്നും തിരികെ ലഭിക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2015-16 വർഷാന്ത്യത്തിൽ ജില്ലാ മിഷനിൽ നിന്നും ലഭിക്കാനുണ്ടായിരുന്ന തുക | 41219 |
| 2016-17 ൽ ഓണറേറിയം നൽകുന്നതിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക | 53439 |
| ജില്ലാ മിഷനിൽ നിന്നും തൻവർഷം ലഭിച്ച തുക | 63719 |
| വർഷാന്ത്യത്തിൽ ലഭിക്കുവാനവശേഷിക്കുന്ന തുക | 30939 |

ജില്ലാ മിഷനിൽനിന്നും 30939 രൂപ ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിൽനിന്നും ഈ ആവശ്യത്തിന് ചെലവഴിച്ച തുക ക്രമീകരിക്കേണ്ടതാണ്.

## (3-14) പൊതുമരാമത്ത് പ്രവർത്തികളുടെ സേവന നികുതി ഈടാക്കിയത് - കേന്ദ്ര സർക്കാരിലേക്ക് ഒടുക്കിയില്ല.

തൻവർഷം ആറ് പൊതുമരാമത്ത് പ്രവർത്തികളുടെ ബില്ലിൽ നിന്നും സേവന നികുതി ഇനത്തിൽ ഈടാക്കിയ 117013 രൂപ കേന്ദ്ര സർക്കാരിലേക്കൊടുക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രവർത്തിയുടെ പേര് | കരാറുകാരൻ/ കൺവീനറുടെ പേര് | സേവന നികുതി |
|---|---|---|---|
| 1 | പഞ്ചായത്ത് ഓഫീസ് ഒന്നാം നിലയുടെ നിർമ്മാണം (72/17) | അജി ചന്ദ്രൻ (കൺവീനർ) | 39896 |
| 2 | പഞ്ചായത്ത് ഓഫീസ് അധിക സൗകര്യം ഒരുക്കൽ (70/17) | അജി ചന്ദ്രൻ (കൺവീനർ) | 11870 |
| 3 | പുതിയ പഞ്ചായത്തോഫീസിന്റെ ഗ്രൗണ്ട് ഫ്ലോർ, ഒന്നാം നില പണി പൂർത്തീകരണം | അജി ചന്ദ്രൻ (കൺവീനർ) | 21069 |
| 4 | കുടുവെട്ടിക്കൽ അംഗൻവാടി നം.61 അറ്റകുറ്റപ്പണികൾ | കെ.കെ.രാജൻ (കരാറുകാരൻ) | 2247 |
| 5 | പഞ്ചായത്തോഫീസ് കോൺഫറൻസ് ഹാൾ (144/17) | സുരേഷ്കുമാർ.കെ, കിഴക്കേവീട്ടിൽ (കരാറുകാരൻ) | 39568 |
| 6 | കുടുവെട്ടിക്കൽ സ്കൂളിൽ പൈപ്പ് നിർമ്മാണം(163/17) | കെ.കെ.രാജൻ (കൺവീനർ) | 2363 |

| | |
|---|---|
| ആകെ | 117013 |

ഈടാക്കിയ സേവന നികുതി കേന്ദ്ര സർക്കാരിൽ ഒടുക്കേണ്ടതും ആയതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

## (3-15) തൊഴിലുറപ്പ് പദ്ധതി മുഖേന സാമൂഹ്യ വനവൽക്കരണം-മഴയുള്ള മാസങ്ങളിൽ പ്രവർത്തി ചെയ്യുന്നില്ല.

സാമൂഹ്യ വനവൽക്കരണം എന്ന പദ്ധതിയുടെ ഭാഗമായി തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി തൻവർഷം 4500 വൃക്ഷത്തൈകൾ നട്ടതിന് 669585 രൂപ ചെലവഴിച്ചിട്ടുണ്ട്. 2016 നവംബർ മാസത്തിലാണ് വൃക്ഷത്തൈകൾ നട്ടത് എന്ന് ഫയൽ പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടു. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമനം | വാർഡ് | നട്ട ഫലവൃക്ഷത്തൈകളുടെ എണ്ണം | ചെലവ് |
|---|---|---|---|
| 1 | III | 500 | 76195 |
| 2 | IV | 500 | 76135 |
| 3 | V | 500 | 79135 |
| 4 | VI | 500 | 78156 |
| 5 | VII | 500 | 67620 |
| 6 | VIII | 500 | 51940 |
| 7 | IX | 500 | 79135 |
| 8 | X | 500 | 51940 |
| 9 | XI | 500 | 79135 |
| ആകെ | | | 669585 |

ജൂൺ, ജൂലൈ മാസങ്ങളിലാണ് വൃക്ഷത്തൈ നടുന്നതിന് അനുയോജ്യമായ മാസങ്ങളെന്ന് വിലയിരുത്തുന്നു. മഴക്കാലം കഴിഞ്ഞശേഷം വൃക്ഷത്തൈകൾ നടുന്നത് പദ്ധതിയുടെ ഫലപ്രാപ്തിയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഭാവിയിൽ ഈ അപാകത ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## (4-1) സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| *വിഹിതം നൽകിയ സ്ഥാപനം* | *തുക ലഭിച്ച വർഷം* | *ലഭിച്ച തുക* | *പ്രൊജക്ടിന്റെ പേര്* | *ചെലവ്* | *ബാലൻസ്* |
|---|---|---|---|---|---|
| പന്തളം ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 175000 | ക്ഷീരകർഷകർക്ക് സബ്സിഡി | 175000 | 0 |

## (4-2) ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| *നിർവഹണ ഏജൻസി* | *പ്രോജക്ട് നം/ പ്രവൃത്തിയുടെ പേര്* | *മുൻകൂർ നൽകിയ തുക* | *ചെലവഴിച്ച തുക* | *ചെലവഴിക്കാൻ ബാക്കിയുള്ള തുക* |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | |
| കേരള വാട്ടർ അതോറിറ്റി | കുറിയാനിപ്പള്ളി-കുടുവെട്ടിക്കൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 400000 | - | യൂട്ടിലൈസേഷൻ ലഭിച്ചിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | ചന്ദനക്കുന്ന്-പുതുപ്പറമ്പിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 73000 | - | യൂട്ടിലൈസേഷൻ ലഭിച്ചിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | കയ്യാംതടം - തേവർകുളം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 384000 | - | യൂട്ടിലൈസേഷൻ ലഭിച്ചിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | കുറിയാനിപ്പള്ളി-മുളന്തടം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 23120 | - | യൂട്ടിലൈസേഷൻ ലഭിച്ചിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിലെ പട്ടികജാതി കോളനികളിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1073000 | - | യൂട്ടിലൈസേഷൻ ലഭിച്ചിട്ടില്ല |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 300000 | - | യൂട്ടിലൈസേഷൻ ലഭിച്ചിട്ടില്ല |
| കെ.എസ്.ഇ.ബി | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 667800 | - | യൂട്ടിലൈസേഷൻ ലഭിച്ചിട്ടില്ല |
| കെ.എസ്.ഇ.ബി | അംഗനവാടിക്ക് വൈദ്യുതീകരണം | 73500 | - | യൂട്ടിലൈസേഷൻ ലഭിച്ചിട്ടില്ല |
| കെ.എസ്.ഇ.ബി | അംഗനവാടിക്ക് | 324000 | - | യൂട്ടിലൈസേഷൻ |

| | | | | |
|---|---|---|---|---|
| | വൈദ്യുതീകരണം | | | ലഭിച്ചിട്ടില്ല |

## (4-3) വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക |
|---|---|---|---|---|
| | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | 12500 | 12500 | | ഇല്ല |

## (4-4) സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## (4-5) ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പരും തീയതിയും |
|---|---|---|---|---|
| 2014-15 | 2-1 | 1250 | മാനേജർ<br>കോർപ്പറേഷൻ ബാങ്ക്<br>മെഴുവേലി | 11602400004<br>02-04-2016 |
| | | 4350 | മാനേജർ<br>യൂക്കോ ബാങ്ക്<br>ഇലവുംതിട്ട | 11602400005,06<br>25-04-2016 |
| | | 2500 | മാനേജർ<br>എസ്.ബി.റ്റി<br>ഇലവുംതിട്ട | 116021035323<br>28-02-2017 |

## (4-6) സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2012-13 | 3-7 | 2013-14/5.3, 5.6 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ കെട്ടിടത്തിന്റെ ശോച്യാവസ്ഥ | പരാമർശം നിലനിൽക്കുന്നു. |
| 2012-13 | 3-11 | 2013-14/5-10 | ആട്ടുഗ്രാമം പദ്ധതി- തുക വിതരണം ചെയ്യാതെ ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നു | പരാമർശം നിലനിൽക്കുന്നു. |

## (4-7) ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [(മുന്നിരിപ്പ് തുക ഉൾപ്പെടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 42267125 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 32787767 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 71087 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | |
| ആകെ | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക |
|---|---|
| 3-3 | 71087 |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക |
|---|---|
| (3-14) | 117013 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബിജി ജി എസ്, അസിസ്റ്റന്റ് സെക്രട്ടറി. (സെക്രട്ടറിയുടെ അധികചുമതല) | അസിസ്റ്റന്റ് സെക്രട്ടറി, പള്ളിക്കൽ ഗ്രാമപഞ്ചായത്ത് | അയണിപ്പറമ്പിൽ കടമ്പനാട് സൗത്ത് പി.ഒ |

## (4-8) തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| *വർഷം* | *ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം* |
|---|---|
| 1996-97 | എൽ.എഫ്.പി.റ്റി.എ. പി2/322/98/ തീയതി 07-10-99 |
| 1997-98 | എൽ.എഫ്.പി.റ്റി.എ. പി2/938/99/ തീയതി 06-9-00 |
| 1998-99 | എൽ.എഫ്.പി.റ്റി.എ. പി2/581//01 തീയതി 29-10-01 |
| 1998-99(ജ.ആ) | എൽ.എഫ്.പി.റ്റി.എ. പി2/216/99/ തീയതി 08-03-00 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി2/709/99/ തീയതി 14-03-00 |
| 1999-00 | എൽ.എഫ്.പി.റ്റി.എ. പി2/864/01/ തീയതി 02-02-01 |
| 2000-01 | എൽ.എഫ്.പി.റ്റി.എ. പി2/230/02/ തീയതി 11-10-02 |
| 2001-02(വരവ്-ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി3/222/05/ തീയതി 11-08-05/ 14-10-05 |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ. പി3/339/04/ തീയതി 07-01-05 |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ. പി3/537/06/ തീയതി 15-09-06/09-02-07 |
| 2002-03 (DCB) | എൽ.എഫ്.പി.റ്റി.എ. പി6/893/08/ |
| 2003-04 | എൽ.എഫ്.പി.റ്റി.എ. പി6/894/08/ തീയതി 30-09-08 |
| 2004-05 | എൽ.എഫ്.പി.റ്റി.എ. പി5/365/10/ തീയതി 02-06-11 |
| 2005-06 | എൽ.എഫ്.പി.റ്റി.എ. പി5/939/11/ തീയതി 20-12-11/5-6-13 |
| 2006-07 | എൽ.എഫ്.പി.റ്റി.എ. പി5/940/11/ തീയതി 19-12-11/5-6-13 |
| 2007-08 | എൽ.എഫ്.പി.റ്റി.എ. പി5/380/12/ തീയതി 26-05-12/5-6-13 |
| 2008-09 | എൽ.എഫ്.പി.റ്റി.എ. പി5/381/12/ തീയതി 26-05-12/5-6-13 |
| 2009-10 | എൽ.എഫ്.പി.റ്റി.എ. പി5/382/11/ തീയതി 26-05-12/5-6-13 |
| 2010-11 | എൽ.എഫ്.പി.റ്റി.എ. പി5/383/11/ തീയതി 26-05-12/5-6-13 |
| 2011-12 | എൽ.എഫ്.പി.റ്റി.എ. പി11/210/14 തീയതി 11-08-2014 |

| | |
|---|---|
| 2012-13 | എൽ.എഫ്.പി.റ്റി.എ. പി11/1062 /14 തീയതി 05-11-2014 |
| 2013-14 &2014-15 | കെ.എസ്.എ.പി.റ്റി.എ.പി11/296/2016 തീയതി 23-03-2016 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി11/1204/2016 തീയതി 17-11-2016 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

# Annexure

# AUDIT CERTIFICATE

No.KSAPTA.P11/895/17 Dated, 27.7.2017.

Certified that I have Audited the Annual Financial Statement of Mezhuvely Grama Panchayat in Pathanamthitta district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Mezhuvely Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Habeeb Mohammed

Deputy Director

Kerala State Audit Department

Pathanamthitta

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി11/895/17 തീയതി. 27.07.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മെഴുവേലി ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട